**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 541 29.01.2019-ലെ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന സർക്കാർ കായിക രംഗത്ത് തുടക്കം കുറിച്ച ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) & (ബി) | 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ്, എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. ഷൂട്ടിംഗ്, ആർച്ചറി, അത്ലറ്റിക്സ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി കായിക താരങ്ങൾക്ക് പരിശീലനം നൽകുന്ന | (സി) | ഉണ്ട്. |

<table>
<tr>
<td>•</td>
<td>സെന്ററുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?</td>
<td></td>
<td>
<table>
<tr><td>ട്രെയിനിംഗ് സെന്റർ</td><td>കായികയിനം</td></tr>
<tr><td>എൽ.എൻ.സി.പി കാര്യവട്ടം, തിരുവനന്തപുരം</td><td>അത്‌ലറ്റിക്സ്, സൈക്ലിംഗ്</td></tr>
<tr><td>ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം</td><td>സ്വിമ്മിംഗ്, ബോക്സിംഗ്, റസ്ലിംഗ്</td></tr>
<tr><td>അഷ്ടമുടി കായൽ/ ഹോക്കി സ്റ്റേഡിയം, കൊല്ലം</td><td>കനോയിംഗ് & കയാക്കിംഗ്</td></tr>
<tr><td>ആലപ്പുഴ</td><td>റോവിംഗ്</td></tr>
<tr><td>റീജിയണൽ സ്പോർട്സ് സെന്റർ, എറണാകുളം</td><td>ബാഡ്മിന്റൺ</td></tr>
<tr><td>മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ</td><td>ഫെൻസിംഗ്</td></tr>
</table>
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**